## പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

### വീട്ടുകരം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം : 4188. 20.03.18- ൽ മറുപടി നൽകേണ്ടത്

| ചോദ്യം<br>ശ്രീ.രാജു എബ്രഹാം | | മറുപടി<br>ഡോ.കെ.റ്റി.ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പരിധിയിലെ വീടുകൾക്കുള്ള വീട്ടുകരം എത്രയാണെന്ന് ഇനംതിരിച്ച് വിശദമാക്കാമോ;ഈ നിരക്ക് എന്നുമുതൽ പ്രാബല്യത്തിലുള്ള താണ്; | (എ) | 2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപ നികുതിയും സർചാർജ്ജും) ചട്ടങ്ങളിൽ ഓരോയിനം കെട്ടിടത്തിനും അതിന്റെ ഉപവിഭാഗങ്ങൾക്കും ഒരു ച.മീ. തറ വിസ്തീർണ്ണത്തിന് ബാധകമായ അടിസ്ഥാന വസ്തുനികുതി നിരക്കുകളുടെ പട്ടികയിൽ ക്രമ നമ്പർ (1) ആയി പാർപ്പിട ആവശ്യത്തിനുള്ള കെട്ടിടത്തിന്റെ ഏറ്റവും കുറഞ്ഞ നിരക്ക് 3 രൂപയും ഏറ്റവും കൂടിയ നിരക്ക് 8 രൂപയും ആയി നിർണ്ണയിച്ചിട്ടുണ്ട്. കേരള മുനിസിപ്പാലിറ്റി ചട്ടങ്ങൾ പ്രകാരം പാർപ്പിട ആവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ഏറ്റവും കുറഞ്ഞ നിരക്ക് 6 രൂപയും കൂടിയ നിരക്ക് 15 രൂപയുമാണ്. മുനിസിപ്പൽ കോർപ്പറേഷനുകളിൽ ആയത് യഥാക്രമം 8 രൂപയും 20 രൂപയുമാണ്. പുതിയ നികുതി നിരക്ക് 01/04/2013 മുതൽ പ്രാബല്യത്തിലുള്ളതാണ്. |
| (ബി) | അശാസ്ത്രീയമായ ഈ നിരക്കുമൂലം കൂടുതൽ തുക അടയ്ക്കേണ്ടി വരുന്നതായി എത്ര പരാതികൾ സർക്കാരിന് ലഭിച്ചിട്ടുണ്ട്; പരാതികളുടെ അടിസ്ഥാനത്തിൽ നികുതി നിരക്ക് പുന പരിശോധിച്ച് തവണകളായി കുടിശിക അടയ്ക്കുന്നതിന് ഉത്തരവ് നൽകാൻ തയ്യാറാകുമോ? | (ബി) | പരാതികളൊന്നും ലഭിച്ചിട്ടില്ല. കേരള പഞ്ചായത്ത് രാജ്/മുനിസിപ്പാലിറ്റി ചട്ടങ്ങളിൽ നികുതി, കുടിശ്ശിക തവണകളായി അടയ്ക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടില്ല. |

സെക്ഷൻ ഓഫീസർ